**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 267** **25-10-2021 - ൽ മറുപടിയ്ക്ക്**

**നീതി ആയോഗിന്റെ സ്കൂൾ വിദ്യാഭ്യാസ ഗുണനിലവാര സൂചികയിൽ സംസ്ഥാനത്തിന് മികവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഐ ബി സതീഷ്,<br>ശ്രീ. പി.വി.അൻവർ,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീമതി ദലീമ** | | **Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | പ്രഥമ ഡിജിറ്റൽ സംസ്ഥാനം എന്ന നേട്ടം കൈവരിച്ച് സംസ്ഥാനത്തിന് നിതി ആയോഗിന്റെ സ്കൂൾ വിദ്യാഭ്യാസ ഗുണനിലവാര സൂചികയിൽ മികവ് പുലർത്താനായിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഉണ്ട്. നീതി ആയോഗ് നടത്തിയ പഠനത്തിൽ കേരളത്തിലെ പൊതുവിദ്യാലയങ്ങൾ രാജ്യത്ത് ഒന്നാം സ്ഥാനത്താണ്. നീതി ആയോഗിന്റെയും കേന്ദ്രമാനവ വിഭവശേഷി വികസന വകുപ്പിന്റെയും സഹായത്തോടെ 2019 സെപ്റ്റംബർ 30 - ന് പ്രസിദ്ധീകരിച്ച സ്കൂൾ വിദ്യാഭ്യാസ ഗുണനിലവാര സൂചിക അനുസരിച്ച് 82.17% സൂചികയോടുകൂടി കേരളം സംസ്ഥാനങ്ങളുടെ പട്ടികയിൽ ഒന്നാം സ്ഥാനത്താണ്. ആകെ 965 സ്കോറിൽ 82.17% നേടിയാണ് കേരളം മുന്നിലെത്തിയത്. പഠനനേട്ടങ്ങൾ, ഭൗതിക സാഹചര്യങ്ങളിലെ നേട്ടങ്ങൾ, തുല്യതയിലുള്ള നേട്ടങ്ങൾ, അധ്യാപക ലഭ്യത, വിദ്യാഭ്യാസ നിർവഹണം, പരിശീലനം, സമഗ്രശിക്ഷാ കേരളം വഴിയുള്ള വിദ്യാഭ്യാസ രംഗത്തെ പ്രവർത്തന നിർവഹണം എന്നിങ്ങനെ 30 സൂചകങ്ങളെ അടിസ്ഥാനമാക്കിയാണ് നീതി ആയോഗ് എല്ലാ സംസ്ഥാനങ്ങളുടെയും കേന്ദ്ര ഭരണ പ്രദേശങ്ങളുടെയും പ്രകടനത്തെ വിലയിരുത്തിയത്. |
| (ബി) | സംസ്ഥാനത്തെ എല്ലാ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിലും വിവര സാങ്കേതികവിദ്യാധിഷ്ഠിത ഭൗതിക സൗകര്യങ്ങൾ ഏർപ്പെടുത്തിയതിനോടൊപ്പം ഡിജിറ്റൽ പഠന വിഭവങ്ങൾ ഫലപ്രദമായി വിനിയോഗിക്കുന്നതിന് അദ്ധ്യാപകരെയും പഠിതാക്കളെയും പ്രാപ്തരാക്കുന്നതിന് നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (ബി) | സ്കൂളുകളിലെ അടിസ്ഥാന സൗകര്യ വികസനവും ഐ.ടി. അടിസ്ഥാന സൗകര്യ ലഭ്യതയും ഉറപ്പുവരുത്തുന്നതിനോടൊപ്പം ഒന്നു മുതൽ പന്ത്രണ്ട് വരെ ക്ലാസുകളിലെ പാഠഭാഗങ്ങൾക്ക് അനുയോജ്യമായ ഡിജിറ്റൽ വിഭവങ്ങളും കൈറ്റ് സജ്ജമാക്കി 'സമഗ്ര' ഡിജിറ്റൽ വിഭവ പോർട്ടൽ മുഖേന എല്ലാ അധ്യാപകർക്കും പ്രയോജനപ്പെടുന്ന തരത്തിൽ ലഭ്യമാക്കിയിട്ടുണ്ട്. ക്ലാസ്മുറികളിലെ ഹൈടെക് ഉപകരണങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ട് പാഠവിനിമയം നടത്തുന്നതിന് ഡിജിറ്റൽ വിഭവങ്ങൾ അനിവാര്യമാണ്. പാഠഭാഗങ്ങൾക്കനുസൃതമായി അധ്യാപകർക്ക് ആവശ്യമായ ഡിജിറ്റൽ വിഭവങ്ങൾ |

| | | | |
|---|---|---|---|
| | | | സമഗ്ര പോർട്ടലിലൂടെ ലഭ്യമാക്കിയതിനോടൊപ്പം ഈ വിഭവങ്ങൾ സ്വയം നിർമ്മിക്കുന്നതിനാവശ്യമായ സാങ്കേതിക പരിശീലനവും അധ്യാപകർക്ക് നൽകിയിട്ടുണ്ട്. ഇമേജ് എഡിറ്റിംഗ്, ഓഡിയോ -വീഡിയോ റെക്കോർഡിംഗ് &എഡിറ്റിംഗ്, ഇന്ററാക്ടീവ് വിഭവങ്ങളുടെ നിർമാണം എന്നീ മേഖലകളിൽ അധ്യാപകർക്ക് കൈറ്റ് പരിശീലനം നൽകിയിട്ടുണ്ട്. ക്ലാസ്മുറികൾ ഹൈടെക്കായതിനൊപ്പം പരമ്പരാഗത അധ്യാപന രീതിയിലും മാറ്റം വരുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നുണ്ട്. പാഠാസൂത്രണങ്ങളും സൂക്ഷ്മാസൂത്രണങ്ങളും സാങ്കേതിക വിദ്യാസൗഹൃദമായി സമർപ്പിക്കുന്നതിനും അവ പരിശോധിക്കുന്നതിനും ഓരോ ക്ലാസ്മുറിയിലും വിഭവങ്ങൾ ഉപയോഗിച്ച് പഠന പ്രവർത്തനങ്ങൾ നടത്തിയശേഷം റിഫ്ലക്ഷൻ നോട്ട് ഉൾപ്പെടുത്തുന്നതിനുമുള്ള സംവിധാനങ്ങളും സമഗ്ര വിഭവ പോർട്ടലിൽ നൽകിയിട്ടുണ്ട്. |
| (സി) | നൂറുദിന പരിപാടിയിൽ അടിസ്ഥാന സൗകര്യ വികസനത്തിൽ കൈവരിച്ച നേട്ടം അറിയിക്കാമോ; അടിസ്ഥാന സൗകര്യ വികസനത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എത്ര തുക ചെലവഴിച്ചുവെന്നതിന്റെ കണക്ക് ലഭ്യമാണെങ്കിൽ നൽകാമോ? | (സി) | നൂറുദിന പരിപാടിയിൽ കൈറ്റ് എസ്.പി.വി. ആയി അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി 5 കോടി രൂപവീതം ചെലവഴിച്ച് മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതിയിലുൾപ്പെടുത്തി 11 സ്കൂളുകളുടേയും 3 കോടി രൂപവീതം ചെലവഴിച്ച് നടത്തുന്ന ഭൗതീക സൗകര്യ വികസനം ഉറപ്പുവരുത്തുന്ന 10 സ്കൂളുകളുടേയും നിർമാണം പൂർത്തിയാക്കി. കോവിഡ് 19 കാലയളവിൽ സ്കൂളുകളിൽ വിക്ടേഴ്സ് ചാനലിലൂടെയുള്ള ഡിജിറ്റൽ ക്ലാസുകളുടെ തുടർച്ചയായി അധ്യാപകർക്ക് കുട്ടികളുമായി നേരിട്ട് സംവദിക്കാൻ കഴിയുന്ന ഓൺലൈൻ ജി-സ്യൂട്ട് സംവിധാനം കൈറ്റിന്റെ നേതൃത്വത്തിൽ സജ്ജമാക്കുകയും ട്രയൽ, പൈലറ്റ് പ്രവർത്തനങ്ങൾ നടത്തി ഘട്ടം ഘട്ടമായി എല്ലാ സ്കൂളുകളിലും പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. കൈറ്റ് എസ്.പി.വി ആയി സ്കൂളുകളിൽ ഐ.ടി. അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിനായി നടപ്പിലാക്കിയ ഹൈടെക് സ്കൂൾ, ഹൈടെക് ലാബ് പദ്ധതികൾ പ്രകാരം 612 കോടി രൂപയും ഓരോ അസംബ്ലി നിയോജകമണ്ഡലത്തിലേയും ഒരു സർക്കാർ സ്കൂളിന് 5 കോടി രൂപ വീതം ചെലവഴിച്ച് മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതിപ്രകാരം 435 കോടി രൂപയും അടിസ്ഥാന സൗകര്യ വികസനത്തിന് തെരഞ്ഞെടുത്ത സർക്കാർ സ്കൂളുകളിൽ 3 കോടി രൂപവീതം ചെലവഴിക്കുന്ന പദ്ധതിപ്രകാരം 204 കോടി രൂപയും ഉൾപ്പെടെ കൈറ്റ് ആകെ 1251 കോടി രൂപയുടെ |

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങൾ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയിട്ടുണ്ട്. സർക്കാരിന്റെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് 2016-2017 മുതൽ 2020-2021 വരെ ചിലവഴിച്ച തുകയുടെയും പൂർത്തിയായ പ്രവർത്തികളുടെയും വിശദാംശം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# പ്ലാൻ ഫണ്ട്

| വർഷം | കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകിയ സ്കൂളുകളുടെ എണ്ണം | | | | ഫണ്ടിന്റെ വിശദാംശങ്ങൾ | | | കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയെക്കുറിച്ചുള്ള വിശദാംശങ്ങൾ | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | PWD | LSGD | മറ്റ് ഏജൻസികൾ | ആകെ സ്കൂളുകളുടെ എണ്ണം | ശീർഷകം | ബജറ്റിൽ വകയിരുത്തിയിരുന്ന തുക | സാമ്പത്തിക വർഷത്തിൽ വിനിയോഗിച്ച തുക | ഇതുവരെ പൂർത്തിയായ പ്രവൃത്തികൾ | | | | ഇതുവരെ ഉപേക്ഷിച്ചത് | നിലവിൽ പ്രവൃത്തി നടന്നു വരുന്നത് |
| | | | | | | | | PWD | LSGD | Other Agency | ആകെ | | |
| 2016-17 | 14 | 01 | 06 | 21 | 2202-02-109-69 | 3000 ലക്ഷം | 1594.00 ലക്ഷം | 11 | 01 | 02 | 14 | ഇല്ല | 07 |
| | | | | | 4202-01-202-93 | 3445 ലക്ഷം | 3331.62 ലക്ഷം | | | | | | |
| 2017-18 | 96 | 43 | 17 | 156 | 2202-02-109-69 | 6000 ലക്ഷം | 5978.26 ലക്ഷം | 65 | 22 | - | 87 | - | 69 |
| | | | | | 4202-01-202-93 | 6000 ലക്ഷം | 9032.08 ലക്ഷം | | | | | | |
| 2018-19 | 144 | 30 | 11 | 185 | 2202-02-109-69 | 5000 ലക്ഷം | 4972.31 ലക്ഷം | 60 | 10 | - | 70 | - | 115 |
| | | | | | 4202-01-202-93 | 12000 ലക്ഷം | 18918.41 ലക്ഷം | | | | | | |
| 2019-20 | 174 | 01 | 10 | 185 | 2202-02-109-69 | 6000 ലക്ഷം | 5960.80 ലക്ഷം | 08 | - | - | 08 | - | 177 |
| | | | | | 4202-01-202-93 | 12000 ലക്ഷം | 17420.43 ലക്ഷം | | | | | | |
| 2020-21 | 54 | 06 | 02 | 62 | 2202-02-109-69 | 7000 ലക്ഷം | 6356.32 ലക്ഷം | - | - | - | - | - | 62 |
| | | | | | 4202-01-202-93 | 5000 ലക്ഷം | 6772.00 ലക്ഷം | | | | | | |